"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉപഭോക്തൃകാര്യ വകുപ്പ് - സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷനിലും, എറണാകുളം ജില്ലാ കമ്മിഷനിലും സ്നാക് ബാർ കം സ്റ്റേഷനറി ഷോപ്പ് ആരംഭിക്കുന്നത് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉപഭോക്തൃകാര്യ വകുപ്പ്**

സ.ഉ.(സാധാ) നം.7/2025/CAD തീയതി,തിരുവനന്തപുരം, 22-02-2025

---

പരാമർശം:- സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷൻ സെക്രട്ടറി & രജിസ്ട്രാറുടെ 22-10-2024ലെ KSCDRC 175/2024 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷനിലും, എറണാകുളം ജില്ലാ ഉപഭോക്തൃതർക്ക പരിഹാര കമ്മിഷനിലും സ്നാക് ബാർ കം സ്റ്റേഷനറി ഷോപ്പ് കുടുംബശ്രീ മുഖാന്തിരം ആരംഭിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം പ്രകാരം സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷൻ സെക്രട്ടറി & രജിസ്ട്രാർ അഭ്യർത്ഥിച്ചിരുന്നു.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷനിലും, എറണാകുളം ജില്ലാ ഉപഭോക്തൃതർക്ക പരിഹാര കമ്മിഷനിലും, ലഭ്യതയ്ക്കനുസരിച്ച് കുടുംബശ്രീയെയോ/സ്വകാര്യ വ്യക്തികളേയോ നടത്തിപ്പ് ചുമതല ഏൽപ്പിച്ച് സ്നാക് ബാർ കം സ്റ്റേഷനറി ഷോപ്പ് തുടങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**BINDU R R**

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി & രജിസ്ട്രാർ, സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷൻ,തിരുവനന്തപുരം.
കമ്മീഷണർ, പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ വിംഗ്, ഐ.&പി.ആർ.ഡി.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം.സിഎ1/131/2024-സിഎഡി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Kavitha Kumari. I. S
Date: 25-02-2025 11:29:43